LIBRARY ARCHIVES Kerala Legislative Assembly

## വീടുകളിൽ സോളാർ പാനൽ

213(5372) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോയെന്നറിയിക്കുമോ?

'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ ഒന്നാംഘട്ടത്തിൽ വീടുകൾ ഉൾപ്പെടെ ആകെ 25 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 3.382 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗരനിലയങ്ങൾക്കായുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും പദ്ധതി ഡിസംബർ 21-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400KW നിലയങ്ങൾ (127) ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി പദ്ധതിയിൽ 2020-21 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുകയും ഇതിൽനിന്ന് പൈലറ്റ് പ്രോജക്ടായി തിരഞ്ഞെടുത്ത 24 സൈറ്റുകളിൽ (85 KW) പ്രാഥമിക സർവ്വേ നടന്നു വരുകയും ചെയ്യുന്നു. പദ്ധതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു.

## പുരപ്പുറ സൗരോർജ്ജ പ്ലാന്റ്

214(5373) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യുടെ സൗരോർജ്ജ പദ്ധതിയിലൂടെ 370 വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ ആകെ 5,329 വീടുകളിലായി 16 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജപ്ലാന്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 2950 വീടുകളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി

ബാറ്ററിയിൽ ശേഖരിച്ച് ആവശ്യത്തിന് വിനിയോഗിക്കുന്ന സംവിധാനമായ ഓഫ് ഗ്രിഡ്സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 6.2 മെഗാവാട്ട്. 2379 വീടുകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 9.8 മെഗാവാട്ട്. ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവ് ഗുണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്തു കിട്ടുകയും ചെയ്യും.

(ബി) പ്രസ്തുത കാലയളവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നറിയിക്കാമോ?

ഈ കാലയളവിൽ 2,50,000 അപേക്ഷകൾ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. - ൽ രജിസ്റ്റർ ചെയ്തു. ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾക്ക് 3,066 അപേക്ഷകളും ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകൾക്ക് 4,412 അപേക്ഷകളുമാണ് അനെർട്ടിന് ലഭിച്ചത്.

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിലാണ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2020-ൽ രജിസ്ട്രേഷൻ ആരംഭിച്ച സബ്സിഡി പദ്ധതിയിൽ ഇതേവരെ 21,000-ത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഏകദേശം 1,00,000 വീടുകളിൽ കെ.എസ്.ഇ.ബി.എൽ. മുഖാന്തരം സൗരനിലയം സ്ഥാപിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

(ഡി&ഇ) സംസ്ഥാനത്ത് വൈദ്യുതോത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര' പദ്ധതി. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് (മുംബൈ), വാരീ എനർജ്ജീസ് (മുംബൈ), ഇൻകൽ ലിമിറ്റഡ് (കൊച്ചി) എന്നിവരാണ് നിർവ്വഹണ ഏജൻസികൾ (ആകെ 46.5 മെഗാവാട്ട്). 'സൗര' ഒന്നാം ഘട്ട സബ്സിഡി പദ്ധതി, 2019-20 വർഷത്തിൽ താഴെപ്പറയുന്ന കോൺട്രാക്ടർമാരെയാണ് എംപാനൽ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

1. റിഫ്ലക്സ് എനർജി ലിമിറ്റഡ്, ചെന്നൈ.

2. ഹൈവ് സോളാർ, തിരുവനന്തപുരം.

3. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

സബ്സിഡി 2020-21 വർഷത്തെ പദ്ധതിയിൽ താഴെപ്പറയുന്ന 7 ഡെവലപ്പർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

1. ബി.എസ്സ്.എസ്സ്. സോളാർ, തിരുവനന്തപുരം.

2. ട്രയിഡിക് എനർജി, തിരുവല്ല.

3. ബിംഗാസ് സോളാർ, തൃശ്ശൂർ.

4. ടാറ്റാപവർ സോളാർ, മുംബൈ.

5. പവർ വൺ മൈക്രോ സിസ്റ്റംസ്, തിരുവനന്തപുരം.

6. ഇഷാൻ സോളാർ, ചെന്നൈ.

7. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

215(5374) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതിയിൽ കൈവരിച്ച പുരോഗതി എന്തെന്നും വിശദീകരിക്കാമോ?

സംസ്ഥാന സർക്കാർ, സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിനായി എല്ലാ സെക്ഷൻ ഓഫീസുകളിലും (770) സോളാർ കോ-ഓർഡിനേറ്റേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും സൗര എക്സിക്യൂട്ടീവിനെ നടത്തിപ്പിനായി നിയമിച്ചിട്ടുണ്ട്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മൂന്ന് മോഡലുകളാണുള്ളത്. മോഡൽ 1, 2 എന്നിവ KSEBL മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽ മുടക്കുന്ന പദ്ധതിയാണ്. ഒന്നാംഘട്ടത്തിൽ 25 മെഗാവാട്ട് ശേഷിയുടെ വർക്ക്

LIBRARY ARCHIVES Kerala Legislative Assembly